PATCHED 08/06/2020
6-5-20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.2053*(2)/2017*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *13548/ എസ്.ഐ.സി-ജി 6/17*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.രാജൻ വി.സി,<br>സെക്രട്ടറി, സി-ആപ്റ്റ് എംപ്ലോയീസ് യൂണിയൻ<br>(സി.ഐ.ടി.യു) മലബാർ മേഖല കമ്മിറ്റി,<br>സി.ഐ.ടി.യു സെന്റർ, മഞ്ചേരി പി.ഒ,<br>മലപ്പുറം – 676 121. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ്<br>ആൻഡ് ട്രെയിനിംഗ്, വട്ടിയൂർക്കാവ്,<br>തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി ,<br>കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ്<br>ആൻഡ് ട്രെയിനിംഗ്, വട്ടിയൂർക്കാവ്,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.06.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.07.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.08.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 18.09.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.10.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.10.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.01.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27.01.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി മറുപടിയും തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 29.06.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ കേരളസ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) എന്ന സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട് എന്നും ഇനം 2 ൽ സി-ആപ്റ്റ് എന്ന സ്ഥാപനത്തിൽ എത്ര പേർക്ക് ശമ്പളക്കുടിശ്ശിക ഉണ്ട് എന്നും ഇനം 3 ൽ ടി സ്ഥാപനത്തിൽ എത്ര പേർക്ക് ശമ്പള കുടിശ്ശിക തീർത്തു കൊടുത്തു എന്നീ വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ആയതിൻമേൽ 28.07.2017 ന് എതിർകക്ഷി മറുപടി നൽകി.

3. 19.08.2017 ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് അപ്പീൽ സമർപ്പിക്കുകയും ആയതിന് 18.08.2017 ന് മറുപടി നൽകുകയും ചെയ്തു.

4. 27.01.2020 ന് എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ 2,3 ഇനങ്ങളിലെ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് നൽകിയ അപ്പീലിൽ നാല് സാമ്പത്തിക വർഷങ്ങളിലെ കണക്കെടുപ്പ് നടത്തി ആഡിറ്റ് പൂർത്തീകരിച്ചാൽ മാത്രമേ വിവരം നൽകാൻ സാധിക്കുകയുള്ളുവെന്നും, 2006-07 ൽ ശമ്പളം പെയ്ഡ് ബേസിസിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നതെന്നും, ആയത് 30-ാമത് എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗിലും, 27-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിലും അംഗീകരിക്കുകയുണ്ടായി. നിർത്തലാക്കിയ സെന്ററിന്റെ ശമ്പളബില്ലുകൾ തയ്യാറാക്കിയിട്ടില്ലാത്തവ തയ്യാറാക്കി നിലവിലെ സെന്ററിന്റെ കുടിശ്ശികയും കൂടി ഉൾപ്പെടെ ആഡിറ്റ് നടത്തി പരിശോധിച്ച് അക്കൗണ്ടിലേയ്ക്ക് കൊണ്ട് വരേണ്ടതായുണ്ടെന്നും, ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിൽ നിന്ന് സെന്ററിന്റെ കണക്കുകൾ അടിയന്തിരമായി ആഡിറ്റ് നടത്തി തയ്യാറാക്കി സമർപ്പിക്കണമെന്ന് നിർദ്ദേശം ലഭിച്ചതിനാൽ 2016-17 വരെയുള്ള കണക്കുകൾ 2019 ഡിസംബറിൽ പൂർത്തീകരിച്ചു സമർപ്പിച്ചുവെന്നും, 2017-18, 2018-19 എന്നീ വർഷത്തെ കണക്കുകൾ ഉടൻ സമർപ്പിക്കേണ്ടിയുള്ളതിനാൽ ശമ്പളക്കുടശ്ശികയുടെ കണക്കുകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ലെന്നും ആയത് ആഡിറ്റ് നടത്തി നടപ്പ് സാമ്പത്തിക വർഷത്തെ കണക്കിൽ ഉൾപ്പെടുത്തി ടി വർഷത്തെ കണക്കുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നൽകാൻ സാധിക്കുമെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടവയ്ക്ക് മറുപടി ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റിൽ സ്റ്റേറ്റ്മെന്റ് നൽകുന്ന മുറയ്ക്ക് അപ്പീൽ ഹർജിക്കാരന് നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുകയും 2020 ഏപ്രിൽ ആദ്യവാരം ആയത് നൽകാമെന്ന് എസ്.പി.ഐ.ഒ ബോധിപ്പിച്ചു. ആയതിൻപ്രകാരം ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 06-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)